# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

24.01.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 575

### വ്യവസായ സൗഹൃദമാക്കാൻ നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പമെത്തിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ് ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനാണ് (ഡി ഐ പി പി) നമ്മുടെ രാജ്യത്തെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കി സംസ്ഥാനങ്ങളുടെ റാങ്കുകൾ നിർണ്ണയിക്കുന്നത്. കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ. നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും റാങ്ക് ഡി ഐ പി പി നിർണ്ണയിക്കുന്നത്.<br><br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ സമയ ബന്ധിതമായി ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ എന്നിവയ്ക്കുള്ള വ്യവസ്ഥ ഇല്ലാത്തത്, |

| | | | |
|---|---|---|---|
| | | | എന്നിവ സംസ്ഥാനത്തിന്റെ കുറവുകളായി കണ്ടെത്തി യിരുന്നു. നമ്മുടെ സംസ്ഥാനം ഇപ്പോൾ ഡി.ഐ.പി.പി-യുടെ റാങ്കിങ്ങിൽ മുൻനിര യിലെത്തുന്നതിനായി ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞു. ഓൺലൈൻ സംവിധാനവും, സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി ഒരു സെല്ലും രൂപീകരിച്ചുകഴിഞ്ഞു. |
| **(ബി)** | ഇക്കാര്യത്തിൽ സംസ്ഥാനം നിലവിൽ രാജ്യത്ത് എത്രാം സ്ഥാനത്താണ് ; മുൻ നിരയിലെത്തുന്നതിന് തടസ്സമാവുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെ യാണ്; | **(ബി)** | 2016 ൽ ഡി ഐ പി പി തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017 ൽ ഡി ഐ പി പി നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുടെ റാങ്കിങ് ഇപ്പോൾ നടന്നുവരികയാണ്. 2016 ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്. 2017 ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 44 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി ഐ പി പി യുടെ റാങ്കിങ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017 ലെ കേരളത്തിലെ റാങ്കും നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടു കയുള്ളൂ. |
| **(സി)** | ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ നില മെച്ചപ്പെടുത്തുന്നതിന് സഹായക മായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | **(സി)** | സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്പ്മെന്റ് ആക്ട് 1999 നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകജാലക ക്ലിയറൻസ് ബോർഡ് ജില്ലാതലത്തിലും, സംസ്ഥാന തലത്തിലും വ്യവസായ പാർക്കുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. |

Bindu T

**സെക്ഷൻ ഓഫീസർ**